# ഗവ.എം.ടി.എച്ച്.എസ്

## ഊരൂട്ടുകാല

## മലയാളം & ഇംഗ്ലീഷ് മീഡിയം

## നെയ്യാറ്റിൻകര ഉപജില്ല

## ഫോൺ :0471-2222560




# അക്കാദമിക മാസ്റ്റർ പ്ലാൻ

# ***2023 – 28***

## ***അടിസ്ഥാനവിവരങ്ങൾ***

**വിദ്യാലയത്തിന്റെ പേര്** :**ഗവ.എം.ടി.എച്ച്.എസ്.ഊരൂട്ടുകാല**

**വിലാസം** :**ഗവ.എം.ടി.എച്ച്.എസ്. ഊരൂട്ടുകാല**

**നെയ്യാറ്റിൻകര പി.ഒ പിൻ 695121**

**ഫോൺ** :**0471-2222560**

**സ്കൂൾ കോഡ്** :**44036**

**വിദ്യാഭ്യാസ ഉപജില്ല** :**നെയ്യാറ്റിൻകര**

**വിദ്യാഭ്യാസ ജില്ല** :**നെയ്യാറ്റിൻകര**

**റവന്യൂജില്ല** :**തിരുവനന്തപുരം**

**ബി.ആർ.സി** :**നെയ്യാറ്റിൻകര**

**സി.ആർ.സി** :**ശാസ്താംതല**

**മുനിസിപ്പാലിറ്റി** :**നെയ്യാറ്റിൻകര**

**നിയമസഭാ മണ്ഡലം** :**നെയ്യാറ്റിൻകര**

**ലോകസഭാ മണ്ഡലം** :**തിരുവനന്തപുരം**

**താലൂക്ക്** :**നെയ്യാറ്റിൻകര**

**വില്ലേജ്** :**നെയ്യാറ്റിൻകര**

**ഇ-മെയിൽ** :**govtmthsooruttukala@gmail.com**

## ഉള്ളടക്കം


**1.** ആമുഖം

**2.** ലക്ഷ്യങ്ങൾ

**3.** വിദ്യാലയത്തിന്റെ ലഘുചരിത്രം

**4.** വിദ്യാലയം മികവിന്റെ കേന്ദ്രം

*5.ഭൗതികസൗകര്യങ്ങൾ*

*6.പഠനപുരോഗതി*

*7.മൂല്യബോധമുള്ളതലമുറയെവാർത്തെടുക്കൽ*

*8.പരിസ്ഥിതി സംരക്ഷണം*

**9.**നിലവിലെ അവസ്ഥാവിശകലനം

**10.** ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ

*11.പാഠ്യേതര പ്രവർത്തനങ്ങൾ*

**12.**പ്രതീക്ഷിത നേട്ടങ്ങൾ

*13.ഉപസംഹാരം*

## ആമുഖം

ഏഴ് പതിറ്റാണ്ട് പിന്നിട്ട ചരിത്ര പശ്ചാത്തലമാണ് ഗവ. എം. ടി. എച്ച്. എസ്. ഊരുട്ടുകാലയ്ക്കുള്ളത്. രാഷ്ട്ര പിതാവിന്റെ അരുമശിഷ്യനും പ്രശസ്ത ഗാന്ധിയനും കേന്ദ്രമന്ത്രിയുമായിരുന്ന ഡോ. ജി. രാമചന്ദ്രന്റെ മാതാവിന്റെ പേരിലാണ് (മാധവി തങ്കച്ചി ഹൈസ്കൂൾ ) ഈ സ്കൂൾ അറിയപ്പെടുന്നത്. സ്കൂളിനാവശ്യമായ സ്ഥലം 1950 ൽ ദാനമായി നൽകികൊണ്ട് ഈ സ്കൂളിന്റെ പ്രവർത്തനത്തിന് ഡോ. ജി. ആർ തുടക്കം കുറിച്ചു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ജന്മം കൊണ്ട് അനുഗ്രഹീതമായ നെയ്യാറ്റിൻകരയിൽ ദേശീയപാതയിൽ നിന്നും 300 മീറ്റർ അകലെ ഊരുട്ടുകാല ക്ഷേത്രത്തിനു സമീപം ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു. ഡോ. ജി. ആറിന്റെ ജന്മഗൃഹം, സ്മൃതിമണ്ഡപം തുടങ്ങിയവ ഏതാനും വാര അകലെയാണ്. മഹാത്മാഗാന്ധി ഈ സ്കൂൾ സന്ദർശിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയുടെ സർക്കാർ സ്കൂളുകളിൽ വിജയശതമാനത്തിൽ ഒന്നാം സ്ഥാനം ഇന്നും ഈ സ്കൂളിനാണ്.

## പൊതുലക്ഷ്യങ്ങൾ

ജീവിതത്തിന്റെ സമസ്ത മേഖലകളും അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ എല്ലാ വിഭാഗം കുട്ടികളുടെയും പഠന പുരോഗതി ലക്ഷ്യമാക്കി ഗുണമേന്മയുള്ളതും പ്രായോഗികാനുഭവങ്ങൾക്ക് മുൻതൂക്കം നൽകുന്നതുമായ പഠന സാമഗ്രികളുടെ നിർമാണവും പഠന അനുഭവങ്ങളുടെ വിനിമയവും വിലയിരുത്തലും നടത്തും. വ്യത്യസ്തമായ സാമൂഹിക സാമ്പത്തിക പശ്ചാത്തലമുള്ളതും വ്യത്യസ്തമായ ശാരീരികവും മാനസികവും ബൗദ്ധികവുമായ കഴിവുകളുള്ളതുമായ എല്ലാ കുട്ടികൾക്കും പഠിക്കാനും ഉന്നത വിജയം കൈവരിക്കാനും കഴിയുമെന്ന് ഉറപ്പുവരുത്തും. ഇതിലേക്കായി ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതവും കുട്ടികളിലെ സർഗശേഷിയും ബുദ്ധിയുടെ ബഹുതലങ്ങളെയും ഉദ്ദീപിപ്പിക്കുന്ന വിധത്തിലും ആയിരിക്കാൻ പ്രത്യേക ശ്രദ്ധ കൊടുക്കും.

ജിജ്ഞാസയും ഉദ്യോഗവും വഴി പഠന വിഷയത്തിലുള്ള താല്പര്യം നിലനിർത്തുകയും വ്യത്യസ്ത പഠന ശൈലികൾ പിൻതുടർന്നും ഭിന്ന ശേഷിക്കാരായ കുട്ടികളെയും മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിലേക്കായി ദൃശ്യ -ശ്രവ്യ മാധ്യമങ്ങളിലൂടെ ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ സജീവമാക്കും. വികസനഘട്ടങ്ങളെ ശാസ്ത്രീയമായി പോഷിപ്പിക്കുകയും അതിനുതകുന്ന ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യും. എല്ലാ കുട്ടികൾക്കും ഭാഷാ വിഷയങ്ങൾ ( മലയാളം, ഇംഗ്ലീഷ്, ഹിന്ദി ) അനായാസം കൈകാര്യം ചെയ്യുന്നതിലേയ്ക്കായി ഭാഷാ പഠനം സുഗമവും ആസ്വാദ്യകാരവുമാക്കും.

## ***വിദ്യാലയത്തിന്റെ ചരിത്രം.***

വളരെ പ്രശസ്തമായ സേവനപാരമ്പര്യമുള്ള പശ്ചാത്തലമാണ് ഈ വിദ്യാലയത്തിനുള്ളത്. 1965-ൽ ഹൈസ്കൂളായി ഉയർത്തി.ഈ വിദ്യാലയം **Dr.G.Ramachandran** ന്റെ മാതാവിന്റെ പേരിലാണ് **MadhaviThankachi High School** എന്നറിയപ്പെടുന്നത്.രാഷട്രപിതാവായ മഹാത്മാ ഗാന്ധിജിയുടെ അരുമ ശിഷ്യനും കേന്ദ്രമന്ത്രിയും ആയിരുന്ന **Dr.G.Ramachandran.** ഇപ്പോൾ 10 അധ്യാപകരും 4 അധ്യാപകേതരജീവനക്കാരും ഈ വിദ്യാലയത്തിൽ സേവനം അനുഷ്ടിക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളാണ് പഠിക്കുന്നതെങ്കിലും തുടർച്ചയായി എല്ലാ വർഷവും താലൂക്കിലെ ഒന്നാം സ്ഥാനം ലഭിക്കുമെന്നത് അഭിമാനമാണ്. 60 വർഷം പഴക്കമുള്ള സരസ്വതി ക്ഷേത്രം.1965-ൽ ഹൈസ്കൂളായി ഉയർത്തി.

## ***വിദ്യാലയം - മികവിന്റെ കേന്ദ്രം***

ശാസ്ത്രം വികസിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നിന്ന് വരുന്ന കുട്ടികളെ ഏകോപിപ്പിച്ചുകൊണ്ട് കുട്ടികളുടെ പഠന മാനസിക സാംസ്കാരിക നിലവാരങ്ങൾ ഉയർത്തുന്നതിലേക്കയുള്ള പ്രവർത്തങ്ങളിൽ ഒത്തൊരുമയോടെ പ്രവർത്തിക്കുന്നു. വിദ്യാർത്ഥി കേന്ദ്രീകൃതമായ വിദ്യാഭ്യാസ പദ്ധതിയിൽ നിരന്തര മൂല്യനിർണയ പ്രക്രിയയിലൂടെ കുട്ടികളെ വിലയിരുത്തുകയും പരിഹാര പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു.

* പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട് ദിനാചരണങ്ങളുടെ ഭാഗമായി സെമിനാറുകൾ ബോധവൽക്കരണ ക്ലാസുകൾ,പോസ്റ്റർ പ്രദർശനം,വീഡിയോ പ്രദർശനം എന്നിവ നടത്തുന്നു.

* പഠന പ്രവർത്തനങ്ങളെ ക്രോഡീകരിച്ച് കുട്ടികളെക്കൊണ്ട് കൈപ്പുസ്തകം തയ്യാറാക്കുന്നു.

* ഭാഷാ ശേഷി കുട്ടികളിൽ വർദ്ധിപ്പിക്കുന്നതിനായി ഓരോ ഭാഷയിലും സ്കൂൾ അസംബ്ലി സജ്ജമാക്കുന്നു.

* കുട്ടികളിലെ കലാ മികവുകൾ കൂട്ടുന്നതിലേക്കായി സാഹിത്യസൃഷ്ടികൾ, കലാപഠനം, ലൈബ്രറിയുടെ ഉപയോഗം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നു. ആരോഗ്യസംരക്ഷണത്തിന് ഭാഗമായി ശുചിത്വം കൗമാര കാലഘട്ടത്തിൽ കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ,ലഹരി ഉപയോഗ ദൂഷ്യങ്ങൾ, ജീവിതശൈലി രോഗങ്ങൾ എന്നീ വിഷയങ്ങളിൽ വിദഗ്ധരുടെ നേതൃത്വത്തിൽ സെമിനാറുകളും അഭിമുഖങ്ങളും ബോധവൽക്കരണ ക്ലാസുകളും നടത്തുന്നു.

* കുട്ടികളിൽ ആത്മവിശ്വാസം പകർന്നു നൽകുന്ന ക്ലാസുകൾ, പരിശീലനങ്ങൾ, വ്യക്തിത്വവികസന ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു.

* പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം സാധ്യമാക്കാൻ പൂന്തോട്ട നിർമ്മാണം, പച്ചക്കറിത്തോട്ടം നിർമ്മാണവും പരിപാലനവും, ജൈവകൃഷിക്ക് ഊന്നൽ നൽകി ജൈവവൈവിധ്യ പാർക്ക് നിർമ്മാണവും സംരക്ഷണവും തുടങ്ങിയവ പരിസ്ഥിതി ക്ലബ്ബിന് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്നു.

* നാട്ടറിവുകളും നാട്ടു ചികിത്സയും മനസ്സിലാക്കുന്നതിനും നിത്യജീവിതത്തിൽ പ്രായോഗികമാക്കാൻ വേണ്ടി നക്ഷത്രവനം ഔഷധസസ്യ തോട്ടം എന്നിവ വിപുലമാക്കുന്നു.

* പരിസ്ഥിതി മലിനീകരണം തടയുന്നത് ലേക്കുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുകയും സ്കൂളും പരിസരവുംമാലിന്യവിമുക്തവും ലഹരി വിമുക്തം ആക്കി മാറ്റുകയും ചെയ്യുന്നു.

* അധ്യാപക രക്ഷാകർതൃ ബന്ധം ഊട്ടിയുറപ്പിക്കുന്നതിലേക്കായി ഇടയ്ക്കിടെ കുട്ടികളുടെ ഭവന സന്ദർശനവും പിടിഎ മീറ്റിങ്ങുകളും സംഘടിപ്പിക്കുന്നു.

* പെൺകുട്ടികളുടെ സ്വയരക്ഷ ഉറപ്പാക്കുന്നതിനും ആൺ പെൺ സമത്വം ഉറപ്പാക്കുന്നതിനും കരാട്ടെ,യോഗ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

* നാടിന്റെ സംസ്കാരവും പൈതൃകവും അറിയുന്നതിനും ആഴത്തിൽ മനസ്സിലാക്കുന്നതിനും, ചരിത്ര സ്മാരക സന്ദർശനം,പ്രകൃതി വിഭവങ്ങളെയും ജൈവവൈവിധ്യത്തെയും തൊട്ടറിയുന്നതിനും ,വിനോദയാത്രകളും പഠനയാത്രകളും സംഘടിപ്പിക്കുന്നു.

* ദിനങ്ങളുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്ന അതിലേക്കായി ദിനാചരണങ്ങൾ (പ്രവേശനോത്സവം, പരിസ്ഥിതി ദിനം, വായനാവാരം, സ്വാതന്ത്ര്യ ദിനം, ഹിരോഷിമ ദിനം, നാഗസാക്കി ദിനം, ഹിന്ദി ദിനം, മാതൃഭാഷാദിനം, ഓസോൺദിനം, ഗാന്ധിജയന്തി, പ്രേംചന്ദ് ദിനം, പ്രമേഹദിനം, എയ്ഡ്സ് ദിനം, ലഹരി വിരുദ്ധ ദിനം) സമുചിതമായി ആചരിച്ചു.

# ഭൗതികസൗകര്യങ്ങൾ

ഏകദേശം 3 ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 5 കെട്ടിടങ്ങളിലായി 15 ക്ലാസ് മുറികളും അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. U.P.,ഹൈസ്കൂളിനും കമ്പ്യൂട്ടർലാബുണ്ട്. Laptop,Netbook, കുട്ടികൾ ഉപയോഗിക്കുന്നു.BSNL ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. TTI Neyyattinkara, BRC Neyyattinkara എന്നിവയും ഈ compound ലാണ്.

ഏഴ് പതിറ്റാണ്ടു പിന്നിട്ട ചരിത്ര പശ്ചാത്തലമാണ് ഗവ. എം. ടി. എച്ച്. എസ്. ഊരുട്ടുകാലയ്ക്കുള്ളത്. രാഷ്ട്ര പിതാവിന്റെ അരുമശിഷ്യനും പ്രശസ്ത ഗാന്ധിയനും കേന്ദ്രമന്ത്രിയുമായിരുന്ന ഡോ. ജി. രാമചന്ദ്രന്റെ മാതാവിന്റെ പേരിലാണ് (മാധവി തങ്കച്ചി ഹൈസ്കൂൾ ) ഈ സ്കൂൾ അറിയപ്പെടുന്നത്. സ്കൂളിനാവശ്യമായ സ്ഥലം 1950 ൽ ദാനമായി നൽകികൊണ്ട് ഈ സ്കൂളിന്റെ പ്രവർത്തനത്തിന് ഡോ. ജി. ആർ തുടക്കം കുറിച്ചു. സ്വതന്ത്ര ഭാരതത്തിലെ വിദ്യാഭ്യാസ പരിഷ്കരണ പ്രസ്ഥാനത്തിന്റെ ഭാഗമായി 1965-66 ൽ ഹൈസ്കൂളായി ഉയർത്തി. ഈ വിദ്യാലയത്തിലെ ആദ്യ പ്രഥമ അദ്ധ്യാപകൻ ശ്രീ. ജോർജ്. എസ്. പി യും പ്രഥമ വിദ്യാർത്ഥി ഡി എസ് മൃത്യുഞ്ജയനും ആദ്യ അദ്ധ്യാപകൻ ശ്രീ കെ. സോമനാഥനുമാണ്.

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ജന്മം കൊണ്ട് അനുഗ്രഹീതമായ നെയ്യാറ്റിൻകരയിൽ ദേശീയപാതയിൽ നിന്നും 300 മീറ്റർ അകലെ ഊരുട്ടുകാല ക്ഷേത്രത്തിനു സമീപം ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു. ഡോ. ജി. ആറിന്റെ ജന്മഗൃഹം, സ്മൃതിമണ്ഡപം തുടങ്ങിയവ ഏതാനും വാര അകലെയാണ്. മഹാത്മാഗാന്ധി ഈ സ്കൂൾ സന്ദർശിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയുടെ സർക്കാർ സ്കൂളുകളിൽ വിജയശതമാനത്തിൽ ഒന്നാം സ്ഥാനം ഇന്നും ഈ സ്കൂളിനാണ്. ഡി. ജി. പി. ശ്രീ. ഗോപകുമാർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. സദാനന്ദൻ, ഡോ. ശ്രീ രഞ്ജൻ, ഡോ. ജസ്റ്റിൻ ബേസൽ, ഡോ. മിനി ആർ നായർ എന്നിവർ ഈ സ്കൂളിൽ നിന്നും വിജയിച്ചിറങ്ങിയ പ്രതിഭകളിൽ ചിലരാണ്.1989 അധ്യയന വർഷത്തിലെ ശിശുദിന സ്റ്റാമ്പ് രൂപകൽപ്പന ചെയ്ത സജി ഈ സ്കൂളിലെ പൂർവ വിദ്യാർത്ഥിയാണ്.

ഹൈസ്കൂൾ വിഭാഗത്തിൽ ആറും യു. പി. വിഭാഗത്തിൽ മൂന്നും അധ്യാപകരാണുള്ളത്. അധ്യാപകേതര ജീവനക്കാരായി നാലുപേർ സേവനമനുഷ്ഠിക്കുന്നു. ശ്രീ.സോണിലാൽ സാറാണ് പ്രഥമ അധ്യാപികൻ. 65 ആൺകുട്ടികളും 40 പെൺകുട്ടികളുമായി 105 കുട്ടികളാണ് ഈ അധ്യയന വർഷത്തിൽ ഇവിടുള്ളത്

## പഠനപുരോഗതി

വ്യത്യസ്ത ജീവിത സാഹചര്യങ്ങളിൽ നിന്നും വരുന്ന പഠിതാക്കളുടെ അറിവ്, താല്പര്യം, വ്യക്തി വ്യത്യാസം എന്നിവയിൽ അധിഷ്ഠിതമായ ക്ലാസ്സ്‌റൂം പ്രവർത്തനങ്ങൾ ഉൾകൊള്ളിക്കുന്നുണ്ട് പഠനത്തിന് പിന്നാക്കം നിൽക്കുന്ന കുട്ടികളെ തിരിച്ചറിഞ്ഞു പഠനനിലവാരം ഉയർത്തുന്നതിലേക്കായുള്ള അക്ഷരതിളക്കം, സുരീലി ഹിന്ദി ,ഹലോ ഇംഗ്ലീഷ് ,ഗണിതം മധുരം ,YIP, Inspire, Special ക്ലാസുകൾ ,USS ക്ലാസ് ,JRC യൂണിറ്റ് , വിദ്യാരംഗം കലാ സാഹിത്യ വേദിഎന്നീ പദ്ധതികൾക്ക് ഊന്നൽ നൽകുന്ന ചുറ്റപാടുകളെ നിരീക്ഷിച്ച് വിവര ശേഖരം നടത്തി അവയെ അപഗ്രഥിച്ച് ഉചിതമായ നിഗമനത്തിലെത്തിചേരാൻ ഉതകുന്ന തരത്തിലുള്ള പാഠ്യേതര പ്രവർത്തനങ്ങൾക്ക് (പ്രോജക്റ്റ്, അസൈൻമെന്റ്, സംവാദം, സെമിനാറുകൾ ) പ്രാധാന്യം നൽകുന്നു. പഠന പ്രവർത്തനങ്ങൾക്ക് പരിപൂർണതയും സ്വഭാവികതയും ആയാസരഹിതം ആക്കുന്നതിലേക്കായി ലൈബ്രറി, ലാബ്, പഠനോപകരണങ്ങൾ ,ഡിസ്പ്ലേ ബോർഡുകൾ, ICT എന്നിവ കാര്യക്ഷമമായ രീതിയിൽ പ്രവർത്തന സജ്ജമാക്കുന്നു. ഇന്ദ്രിയാനുഭവങ്ങൾക്ക് ഉദ്ദീപനം നൽകുന്നതിലേക്കായി ശീതീകരിച്ച മൾട്ടിമീഡിയ മുറി, ഉപകരണങ്ങൾ, കമ്പ്യൂട്ടർ ലാബ് എന്നിവ പരമാവധി പ്രയോജനപ്പെടുത്തുന്നു. ഗണിത ശാസ്ത്ര പഠനം സുഗമമാക്കുന്നതിലേയ്ക്കായി സ്വയം പഠനത്തിനും സഹ പഠനത്തിനുമുള്ള അവസരം നൽകുന്നു. ഗണിത പഠനത്തിന് താല്പര്യം കൈവരുത്തുന്നതിലേയ്ക്കായി കളികളിലൂടെയുള്ള പഠനം, ഗണിത ശാസ്ത്ര ലാബ്, പത്ര കട്ടിങ്ങുകൾ ചേർത്തുള്ള 'എന്റെ കൈപുസ്തകം ' നിർമ്മാണം തുടങ്ങിയവ പഠന പ്രവർത്തനത്തിൽ ഉൾപ്പെടുത്തുന്നു. നിരന്തര മൂല്യ നിർണയത്തിലൂടെ കുട്ടികളുടെ കഴിവുകളും പോരായ്മകളും കണ്ടെത്തുകയും അതു പരിഹരിക്കാനുള്ള മാർഗങ്ങൾ അധ്യാപകർ മാതാപിതാക്കളുമായി ചർച്ച ചെയ്ത് കണ്ടെത്തുകയുംചെയ്യുന്നു.

## മൂല്യ ബോധമുള്ള തലമുറയെ വാർത്തെടുക്കൽ.

സമസ്ത മേഖലകളിലും മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മൂല്യ ബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനുള്ള പദ്ധതികൾനടപ്പിലാക്കുന്നു. കുട്ടികളിൽ സഹജീവികളോടും പ്രകൃതിയോടുമുള്ള പ്രതിബദ്ധത വളർത്തുന്നതിലേയ്ക്കായി ക്ലബ്ബുകളുടെ നേതൃത്വത്തിൽ സഹവാസക്യാംപുകളും പഠന യാത്രകളും അനാഥാലയ ആശുപത്രി സന്ദർശനം, പ്രകൃതി സംരക്ഷണ സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നു. ലഹരി വിരുദ്ധ ബോധവൽക്കരണ ചർച്ച ക്ലാസുകൾ, സെമിനാറുകൾ, റോഡ് സുരക്ഷ അവബോധം, നിയമ സാക്ഷരത ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. നേതൃത്വപാടവം, ജനാധിപത്യബോധം, മതേതരത്വബോധം, ഭരണഘടനാ മൂല്യങ്ങൾ, പൈതൃകത്തോടുള്ള ആദരവ് എന്നിവയിലധിഷ്ഠിതമായ സമൂഹത്തെ

വാർത്തെടുക്കാനുള്ള രീതികൾ അവലംബിക്കുന്നു. പെൺകുട്ടികളുടെ സ്വയരക്ഷ ഉറപ്പാക്കുന്നതിനും ആൺ പെൺ സമത്വം യോഗ ക്ലാസുകൾ ഉറപ്പാക്കുന്നതിലേക്കുമായി കരാട്ടെ, യോഗ ക്ളാസ്സ് സംഘടിപ്പിക്കുന്നു.

## *പരിസ്ഥിതി സംരക്ഷണം*

പ്രകൃതിയും പ്രകൃതി വിഭവങ്ങളും മനുഷ്യന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതല്ലെന്നും പ്രകൃതിയുടെ സന്തുലിതാവസ്ഥയിലുള്ള മാറ്റം നമ്മുടെ നിലനിൽപ്പിനെ തന്നെ ദോഷകരമായി ബാധിക്കുമെന്ന തിരിച്ചറിവ് കുട്ടികൾക്ക് നൽകുന്നതിലേക്കായി പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങളും വീഡിയോകളും പ്രദർശിപ്പിക്കുന്നു. പ്രകൃതിയുടെ പച്ചപ്പ് നിലനിർത്തുന്നതിനു ജൈവ പച്ചക്കറി തോട്ടം, നക്ഷത്രവനം നിർമാണം, ജൈവ വൈവിധ്യ പാർക്ക് രൂപവൽക്കരണം, സംരക്ഷണം എന്നിവ കുട്ടികളുടെ പങ്കാളിത്തോടെ നടപ്പാക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുമ്പോഴുണ്ടാകുന്ന ദൂഷ്യങ്ങളെകുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു. ജലദൗർലഭ്യം കുറയ്ക്കുന്നതിലേയ്ക്കായി മഴവെള്ള സംഭരണിയുടെ കാര്യക്ഷമമായ പ്രവർത്തനം നടത്തി വരുന്നു. ക്ലാസ്സ്റൂം ശുചിത്വം, ബാത്ത് റൂം ശുചിത്വം എന്നിവ ഉറപ്പുവരുത്തുന്നു.

## *നിലവിലെ അവസ്ഥ വിശകലനം.*

### *ഭൗതികം- പരിമിതികൾ*

* ഓഫീസ്, സ്റ്റാഫ് റൂം, ലാബ്( കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ഗണിത ലാബ്) ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളില്ല

* ചുറ്റമതിൽ പൂർണ്ണമല്ല.

* ആധുനിക സജ്ജീകരണങ്ങളോട് കൂടിയ( മൈക്ക് സെറ്റ്, പ്രൊജക്റ്റർ ) ഓഡിറ്റോറിയം നിലവിലില്ല.

* കലാ പഠനം, യോഗ, കരാട്ടെ റൂം

* വാഹന ഷെഡ് നിർമ്മിക്കേണ്ടതുണ്ട്.

* ഭോജനശാല ആവശ്യമാണ്.

* ഓപ്പൺ എയർ സ്റ്റേജ് ആവശ്യമാണ്.

* ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവ വൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതായുണ്ട്.

* നിലവിലുള്ള നീരുറവ ശുദ്ധിയാക്കുകയും ശുദ്ധജല വിതരണ ശൃംഖലയിലേ ജലം എല്ലാ ടാങ്കിലും, ലാബിലും, ഓഫീസിലും, ടോയ്ലറ്റ് തുടങ്ങിയവയിലേക്ക് എത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

* വിശാലമായ രീതിയിൽ കളി സ്ഥലത്തെ പുനർനിർമ്മിക്കുക.

* മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുക.

## അക്കാദമികം- നേട്ടങ്ങളും പരിമിതികളും

* തുടർച്ചയായ പതിനേഴ് വർഷങ്ങളായി എസ്എസ്എൽസി പരീക്ഷയിൽ 100% വിജയം നിലനിർത്തുന്നു.

* ശാസ്ത്ര മേളകളിലും കലാ മത്സരങ്ങളിലും തുടർച്ചയായി ഉന്നതമായ ഗ്രേഡ് നിലനിർത്തുന്നു.

*മത്സര പരീക്ഷകളിലും വിജ്ഞാനോത്സവ ങ്ങളിലും കുട്ടികളുടെ കഴിവുകൾ മാറ്റുരയ്ക്കുന്നു.

*കലാകായിക പരിശീലനത്തിന് അധ്യാപകരുടെ പൂർണസമയ സേവനം ലഭ്യമാകുന്നില്ല.

*ഇംഗ്ലീഷ് അധ്യാപകരുടെ അഭാവം.

## *അംഗീകാരങ്ങൾ*

*നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിൽ മികച്ച നിലവാരമുള്ള ഗവൺമെന്റ് സ്കൂൾ.

***USS Scholarship** ന് അർഹരായ സ്വാതി ആനന്ദ് , സഞ്ജന , ആൻ സാൻഷ്യ

*തുടർച്ചയായ പതിനേഴ് വർഷവും SSLC യ്ക്ക് 100 ശതമാനം വിജയം

*ആധുനിക സൗകര്യങ്ങളുള്ള സ്മാർട്ട് ക്ലാസ് മുറികൾ

*2021 ഇൻസ്പയർ അവാർഡിന് അർഹനായ അന്വഷ് എസ്. കുമാർ

*ഹരി. എസ് സ്റ്റാൻഡേർഡ് 6A മികച്ച വിദ്യാർത്ഥി കർഷകൻ

വിവിധ മത്സര പരീക്ഷകളിൽ കുട്ടികളുടെ മികവ് വർദ്ധിപ്പിക്കേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരിക്കണം.ലബോറട്ടറികൾ ആധുനികവൽക്കരണം. കലാകായിക പരിശീലനത്തിന് അധ്യാപകരുടെ പൂർണസമയ സേവനം ലഭ്യമാകുന്നില്ല.ഗവ.എം.ടി.എച്ച്.എസ്. ഊരൂട്ടുകാല സ്കൂളിൽ അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ 105 കുട്ടികളാണ് പഠിക്കുന്നു.HS വിഭാഗത്തിൽ 57 ഉം UP വിഭാഗത്തിൽ 48 ഉം കുട്ടികളാണ് പഠിക്കുന്നത്.

* **Hi Tech** ക്ലാസ് മുറികൾ

* കമ്പ്യൂട്ടർ ലാബ്

*ആധുനിക സജ്ജീകരണങ്ങളോട്ടു കുടിയ സയൻസ് ലാബ്

*വിശാലമായ ലൈബ്രറി & റീഡിംഗ് റൂം

*എല്ലാ ക്ലാസുകളിലും ഫാനും ലൈറ്റും

* വാട്ടർ പ്യൂരിഫെയർ

*ഗേൾ ഫ്രണ്ട്ലി ടോയിലറ്റ്

*വിശാലമായ ഗ്രൗണ്ട്

## *മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ*

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| *ഭാഷാശേഷി വികസനം<br>*ഗണിതശേഷി<br>*വികസനംഇംഗ്ലീഷ് പഠന പരിപോഷണം<br>*ശാസ്ത്രപോഷണപരിപാടി<br>*വായനാ പരിപോഷണം<br>*ലൈബ്രറിശാക്തീകരണം<br>*ലബോറട്ടറി ആധുനികവത്കരിക്കൽ<br>*ത്രിഭാഷാപോഷണ പരിപാടി | *ചുറ്റമതിൽ,<br>*ഗേറ്റ്<br>*കളിസ്ഥലം<br>*ഡാൻസ് പാർക്ക് ക്ലാസ്സ് മുറികൾ<br>*ഓഫീസ് മുറി<br>*സ്റ്റാഫ് മുറി<br>*കമ്പ്യൂട്ടർ റൂം *മൾട്ടിമീഡിയ റൂം<br>*ലൈബ്രറി *അടുക്കള - ഡൈനിംഗ് ഹാൾ *അസംബ്ലി ഹാൾ | *പിടിഎ ശക്തിപ്പെടുത്തൽ<br>*എസ്.എം.സി..,* എസ്.എം.ഡി.സി.കാര്യക്ഷമമാക്കൽ<br>*വിദ്യാലയ വികസനസമിതി<br>*പൂർവ്വ വിദ്യാർത്ഥി സംഘട<br>*വിശ്രമമുറി പ്രവര്ത്തനം<br>*ക്ലബ്ബുകൾ,*പൂർവ്വാധ്യാപകർ,<br>*ക്ലാസ്സ് പിടിഎ<br>*വിദ്യാലയ മികവുകൾ |

| | | |
|---|---|---|
| *ജൈവ വൈവിധ്യപാര്ക്ക്<br>*സാഹിത്യ പോഷണ പരിപാടികൾ<br>*പൊതുവിജ്ഞാനം പരിശീലനം<br>*പഠനയാത്രകള്<br>*സെമിനാറുകൾ കായികമേള<br>*ഐ.ടി. പരിശീലനം<br>*അദ്ധ്യാപക ശാക്തീകരണ പരിപാടികൾ<br>*ക്ലാസ്സ്പി.ടി.എ.സജീവമാക്കൽ<br>*എസ്.ആർ.ജി.ശാക്തീകരണം<br>*ശാസ്ത്രാഭിരുചി വളർത്തൽ<br>*ഒരു കൃഷിത്തോട്ടം<br>*പച്ചക്കറിത്തോട്ടം<br>*രചനാശില്പശാല<br>*അഭിമുഖങ്ങൾ<br>*മെഡിക്കൽ ക്യാമ്പ്<br>*ഗണിതോത്സവം | *കുടിവെള്ള വിതരണം<br>*മാലിന്യ സംസ്കരണം<br>*ടോയിലറ്റ്<br>*ലബോറട്ടറി<br>*ചിത്രരചന ക്ലാസ്സ്<br>*ജന്മദിനത്തിനൊരു പുസ്തകം<br>*ശാസ്ത്രാഭിരുചി വളർത്തൽ<br>*ഗണിതോത്സവം പ്രയോജനപ്പെടുത്തൽ.©<br>*ഒരു കൃഷിത്തോട്ടംഎന്റെ ചെടി എനിക്കും പങ്കിടൽ<br>*മെഡിക്കൽ ക്യാമ്പ്<br>*ദവന സന്ദർശനം<br>*ദിനാചരണം | *അവധി ദിവസങ്ങളിൽ ഗണിതലാബ്,<br>*ഗണിതാന്തരീക്ഷമൊരുക്കൽ<br>*കമ്പ്യൂട്ടർ പരിശീലനം. |

## പാഠ്യേതര പ്രവർത്തനങ്ങൾ

*ക്ലാസ് മാഗസിൻ.

- വിദ്യാരംഗം കലാ സാഹിത്യ വേദി.
- ജെ.ആർ. സി . യൂണിറ്റ്
- ക്ലബ്ബ് പ്രവർത്തനങ്ങൾ.
- സയൻസ് ക്ലബ്.
- സോഷ്യൽസയൻസ് ക്ലബ്.
- ഗണിത ക്ലബ്.
- ഹെൽത്ത് ക്ലബ്.

- എക്കോ ക്ലബ്.
- ഇംഗ്ലീഷ് ക്ലബ്.
- ഹിന്ദി ക്ലബ്.
- ഐ. റ്റി. ക്ലബ്.
- പ്രവർത്തിപരിചയ ക്ലബ്.
- കരാട്ടെ ക്ലാസ്.
- സോഷ്യൽസയൻസ് ക്ലബ്.
- ഗണിത ക്ലബ്.
- ഹെൽത്ത് ക്ലബ്.
- എക്കോ ക്ലബ്.
- ഗാന്ധിദർശൻ.
- ഇംഗ്ലീഷ് ക്ലബ്.

## *വിദ്യാരംഗം കലാ സാഹിത്യ വേദി*

ഗവ. എം.ടി. എച്ച് എസ് ഊരുട്ടുകാലയിലെ വിദ്യാരംഗം പ്രവർത്തനങ്ങൾക്ക് ശ്രീമതി.റാണി.എസ് നേതൃത്വം നൽകുന്നു. ഈ ക്ലബിന്റെ പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ നടക്കുന്നു. യു.പി.യിലേയും ഹൈസ്കൂളിലേയും കുട്ടികളെ ഉൾപ്പെടുത്തി ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നു. കുട്ടികളിലുള്ള സർഗ്ഗാത്മകത വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു. ദിനാചരണങ്ങളെല്ലാം വളരെ നല്ല രീതിയിൽ നടത്തുന്നു. ക്ലാസ് റൂം ലൈബ്രറി സജീവമാണ്.വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്തു. പുസ്തകാസ്വാദനകുറിപ്പ് തയ്യാറാക്കൽ, കഥാരചന, കവിതാരചന, ഉപന്യാസ രചന. സാഹിത്യക്വിസ്, ജീവചരിത്ര രചന, നാടൻപാട്ടുകളുടെ ശേഖരണം, തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി. കവിത രചനക്ലാസും നാടൻപാട്ടുകളുടെ ആലാപനവും നടത്തുന്നു.ക്ലാസ് റൂം ലൈബ്രറി ,അമ്മ വായന ,ഡിജിറ്റൽ വായന എന്നിവ പ്രത്യേകതകളാണ്

## *ജൂനിയർ റെഡ്ക്രോസ്*

ഗവൺമെന്റ് എം.ടി.എച്ച്. എസ്. ഊരുട്ടുകാല യിലെ ജൂനിയർ റെഡ്ക്രോസ് സജീവമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2017 ലാണ് ഇതിന് തുടക്കം കുറിച്ചത്. ശ്രീമതി. ഗിരിജകുമാരി.

ബി ഇതിന്റെ കൗൺസലറായി ചുമതല വഹിക്കുന്നു. കുട്ടികളിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ആഹ്വാനം ചെയ്യുന്നതിന് ഇതിന്റെ പ്രവർത്തനം സഹായകമാണ്.കുട്ടികളിൽ കർത്തവ്യബോധവും സേവന സന്നദ്ധതയും വളർത്തിയെടുക്കുന്നതിന് വേണ്ടി ദേശീയതലത്തിൽ പ്രവർത്തിക്കുന്ന ജെ ആർ സിയുടെ യൂണിറ്റ് സ്കൂളിലെ എല്ലാ പ്രവർത്തനങ്ങൾക്കും സന്നദ്ധ സേവനം നൽകി വരുന്നു. സോപ്പ്, ലോഷൻ എന്നിവയുടെ നിർമ്മാണ പരിശീലനം ക്റഷി പരിശീലനം നൽകുന്നു. കാര്യക്ഷമതയുള്ള ജീവിതവും ലക്ഷ്യബോധവും കുട്ടികളിൽ ഉറപ്പുവരുത്തി വളരുവാൻ ജെ ആർ സി സഹായിക്കുന്നു.

## *സോഷ്യൽ സയൻസ് ക്ലബ്*

ഗവ. എം.ടി. എച്ച് എസ് ഊരുട്ടുകാലയിലെ സോഷ്യൽ സയൻസ് ക്ലബിന്റെ പ്രവർത്തങ്ങൾ വളരെ നല്ല രീതിയിൽ നടക്കുന്നു. യു.പി.യിലേയും ഹൈസ്കൂളിലേയും കുട്ടികളെ ഉൾപ്പെടു ത്തി ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നു. ശ്രീമതി. ബിനി ടീച്ചർ ഇതിന് നേതൃത്വം നൽകുന്നു. ശ്രീമതി. സുലജ ശ്രീമതി. സിമിലാൽ ഇതിലെ മറ്റംഗങ്ങളാണ്. എല്ലാ ദിനാചരണങ്ങളും ഏറ്റെടുത്ത് നടത്തുന്നു.

## *സയൻസ് ക്ലബ്*

ഗവ. എം.ടി. എച്ച് എസ് ഊരുട്ടുകാലയിലെ സയൻസ് ക്ലബിന്റെ പ്രവർത്തങ്ങൾ വളരെ നല്ല രീതിയിൽ നടക്കുന്നു. യു.പി.യിലേയും ഹൈസ്കൂളിലേയും കുട്ടികളെ ഉൾപ്പെടു ത്തി ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നു. ശ്രീമതി. ശ്രീജ ടീച്ചർ ഇതിന് നേതൃത്വം നൽകുന്നു. ശ്രീമതി. സുലജ ശ്രീമതി.സിമിലാൽ ഇതിലെ മറ്റംഗങ്ങളാണ്. കുട്ടികളിലുള്ള ശാസ്ത്രീയ ആശയങ്ങൾ വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു. **NMMS, YIP , Inspire** തുടങ്ങിയ **Innovative** പോഗ്രാമിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു.എല്ലാ ദിനാചരണങ്ങളും ഏറ്റെടുത്ത് നടത്തുന്നു.

## *ഗണിത ക്ലബ്*

ഗവ. എം.ടി. എച്ച് എസ് ഊരുട്ടുകാലയിലെ ഗണിത ക്ലബിന്റെ പ്രവർത്തങ്ങൾക്ക് ശ്രീമതി. ഇന്ദുലേഖ ടീച്ചർ ഹൈസ്കൂളിലും ശ്രീമതി.ചന്ദ്രിക ടീച്ചർ യു.പി.യിലും . നേതൃത്വം നൽകുന്നു. ഈ ക്ലബിന്റെ പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ നടക്കുന്നു. യു.പി.യിലേയും ഹൈസ്കൂളിലേയും കുട്ടികളെ ഉൾപ്പെടു ത്തി ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നു. കുട്ടികളിലുള്ള ഗണിത

ആശയങ്ങൾ നിത്യജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു.

## പദ്ധതി വിശദാംശങ്ങൾ - വിവിധ മേഖലകൾ

### മേഖല

### ഇംഗ്ലീഷ്

### പ്രവർത്തനം-1

### ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ രണ്ട് ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടിയും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ ഓരോ ക്ലാസും മാറി മാറി അസംബ്ലി നടത്തുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

### പ്രവർത്തനം- 2

### ഡിക്ഷ്ണറി നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലന |
|---|---|---|---|---|
| ഡിക്ഷ്ണറിയുടെ ഉപയോഗം തിരിച്ചറിയൽ പദസമ്പത്ത് വർദ്ധിപ്പിക്കൽ | ഓരോ പാഠഭാഗത്തുനിന്നും കൂടുതൽ പദങ്ങൾ കണ്ടെത്തുന്നു. അവ അക്ഷരമാല ക്രമത്തിൽ ക്രമീകരിക്കുന്നു അവയുടെ അർത്ഥം കണ്ടെത്തുന്നു ഒരോ ക്ലാസിനും അനുയോജ്യമായ | ആറു മാസം | ഇംഗ്ലീഷ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | ഡിക്ഷണറി നിർമ്മിക്കുന്നു. ഒരു കോപ്പി ലൈബ്രറിയിൽ സൂക്ഷിക്കുന്നു. | | | |

## പ്രവർത്തനം- 3

## ഇംഗ്ലീഷ് മാഗസീനു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മകത വളർത്തൽ | വളരെ ലളിതമായ ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. ഇഷ്ടപ്പെട്ടവയുടെ കുറിപ്പുകൾ തയ്യാറാക്കുന്നു വായിച്ച പുസ്തകത്തിന്റെ ചുരുക്കം സ്വന്തം ഭാഷയിൽ എഴുതുന്നു. തുടർന്ന് സ്വതന്ത്രമായ കഥാസൃഷ്ടികൾ രചിക്കുന്നു. അതിന്റെ ശേഖരണം ഉണ്ടാക്കുന്നു മികച്ചവ ഇംഗ്ലീഷ് മാഗസീനു നൽകുന്നു. | | | |

## പ്രവർത്തനം- 4

## ഇംഗ്ലീഷ് ഡയറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഡയറി തെറ്റില്ലാതെ അനായസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുന്നു. | എല്ലാ ദിവസവും | ഇംഗ്ലീഷ് ടീച്ചർ | |

## പ്രവർത്തനം- 5

## ഇംഗ്ലീഷ് ബുള്ളറ്റിൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ടീച്ചർ | സാമ്പത്തികം 1000 രൂപ ( പരസ്യത്തിലൂടെ ) |

# പ്രവർത്തനം 6

# ഗ്രാമർ സ്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവ് നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിനു പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം 10 ക്ലാസ് | ഇംഗ്ലീഷ് ടീച്ചർ | 2000. ( പൂർവ വിദ്യാർത്ഥി സംഘടന) |

# പ്രവർത്തനം 7

# ഇംഗ്ലീഷ് കോർണർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

## മേഖല

## സയൻസ്

# പ്രവർത്തനം 8

## പ്രോജെക്ടുകൾ, ശാസ്ത്ര ക്വിസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം വളർത്തൽ | കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്താനായി ശാസ്ത്ര പരീക്ഷണങ്ങൾ, പ്രോജെക്ടുകൾ, ശാസ്ത്ര ക്വിസ് എന്നിവ നടത്തുക. | | | |

## പ്രവർത്തനം 9

## ശാസ്ത്ര ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബ് സജീകരിക്കൽ | ശാസ്ത്ര ലാബിലെ ഉപകാരണങ്ങളും രസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ തരംതിരിച്ച ക്രമീകരിക്കൽ, കാറ്റലോഗ് തയ്യാറാക്കൽ, അറേഞ്ച് ചെയ്യൽ. | | | |

**പ്രവർത്തനം 10**

**പ്രതിഭ പരിപോഷണ പരിപാടി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രതിഭ പരിപോഷണ പരിപാടി | ശാസ്ത്രത്തിൽ മികച്ച നിലവാരം പുലർത്തുന്ന നൂതന ആശയങ്ങളുള്ള കുട്ടികളേ YIP, Inspire അവാർഡ് എന്നിവയിൽ പങ്കെടുക്കാനായി വേണ്ട പരിശീലനം നൽകൽ | | | |

**പ്രവർത്തനം 11**

**പ്രൊജക്റ്റ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രൊജക്റ്റ് തയ്യാറാക്കൽ | വിവിധ ശാസ്ത്ര വിഷയങ്ങളിൽ കുട്ടികൾക്ക് അറിവ് വർധിപ്പിക്കാനുതകുന്ന ശാസ്ത്ര പ്രോജെക്റ്റുകൾ നൽകൽ | | | |

പ്രവർത്തനം 12

ശാസ്ത്ര മേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര മേളകൾ | സ്കൂൾതല ശാസ്ത്ര മേളകളിൽ എല്ലാ കുട്ടികളും പങ്കാളിത്തം ഉറപ്പാക്കൽ. ഉപജില്ലാത്തലത്തിലും ജില്ലാത്തലത്തിലുമുള്ള പരമാവധി പങ്കാളിത്തം ഉറപ്പ് വരുത്തുന്നു | | | |

പ്രവർത്തനം 13

ശാസ്ത്ര ക്ലബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ക്ലബ് പ്രവർത്തനം | ദിനാചരണവുമായി ബന്ധപ്പെട്ട ദിവസങ്ങളിൽ സ്പെഷ്യൽ അസംബ്ളി, സെമിനാർ, ക്വിസ്, പോസ്റ്റർ നിർമാണം, മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണ ക്ലാസുകൾ, ശുചീകരണ പ്രവർത്തങ്ങൾ ശാസ്ത്ര പ്രദർശനങ്ങളിൽ പങ്കെടുപ്പിക്കൽ | | | |

പ്രവർത്തനം 14

ജൈവവൈവിധ്യ പാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജൈവവൈവിധ്യ പാർക്ക് | പച്ചക്കറികൾ, ഔഷധ സസ്യങ്ങൾ, അലങ്കാര സസ്യങ്ങൾ എന്നിവ ഉൾപ്പടെ പാർക്ക് നിർമാണത്തിൽ കുട്ടികളെ പങ്കെടുപ്പിക്കുന്ന നക്ഷത്രവനം സംരക്ഷിക്കണം | | | |

പ്രവർത്തനം 15

പ്ലാസ്റ്റിക് വിമുക്ത ക്യാമ്പ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്ലാസ്റ്റിക് വിമുക്ത ക്യാമ്പ് | പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ഉപയോഗിക്കുന്നത്തിനെതിരെ യുള്ള ബോധവൽക്കരണ ക്ലാസ്സ്, പരിസരം ശുചിയാക്കൽ | | | |

പ്രവർത്തനം 16

സയൻസ് കോർണർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സയൻസ് കോർണർ | സയൻസ് ക്ലബ്ബിലെ വിദ്യാർത്ഥികൾ ലാബിന് മുന്നിലെ ബുള്ളറ്റിൻ ബോർഡിൽ വിവിധ നൂതന കണ്ടുപിടിത്തങ്ങൾ, ശാസ്ത്രകുറിപ്പുകൾ, പത്രകുറിപ്പുകൾ എന്നിവ പ്രദർശിപ്പിക്കുന്നു. | | | |

മേഖല -ഗണിതശാസ്ത്രം

പ്രവർത്തനം 17

ഗണിതക്രിയകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദൈനംദിന ജീവിതത്തിൽ ആവശ്യമായ അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പിക്കുക | ഗണിത ക്രിയകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിഹാര ബോധന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ഗുണന പട്ടിക മനപാഠമാക്കൽ. ഗണിത ക്രിയകളിൽ മുന്നാക്കം നിൽക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി ഗ്രൂപ്പ് പഠനം നടത്തുന്നു. | | | |

പ്രവർത്തനം **18**

ഗണിതം ആസ്വദിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് | ഗണിതകളികൾ,**puzzles, tangram,sudoku, geometrical chart** തുടങ്ങിയവ | | | |

| | | | | |
|---|---|---|---|---|
| കുട്ടിയെ<br>എത്തിക്കുക. | | | | |

**പ്രവർത്തനം 19**

**നിർമ്മിതികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃത്യതയും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാക്കുക. | ഗണിത പാഠപുസ്തത്തിലെ നിർമ്മിതികൾ, ജ്യാമിതീയ രൂപങ്ങളുടെ നിർമ്മിതി, **working model** തുടങ്ങിയവ | | | |

**പ്രവർത്തനം 20**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിത്യജീവിതത്തിൽ ഗണിതത്തിന്റെ പങ്ക് തിരിച്ചറിയുക. | നിത്യജീവിതവുമായി ബന്ധപ്പെട്ട ജ്യാമിതീയ രൂപങ്ങളുടെ തിരിച്ചറിയൽ. പണമിടപാട് സ്ഥാപനങ്ങൾ സന്ദർശിച്ച് പലിശ കണക്കാക്കുന്ന രീതിയും, പണവിനിമയത്തെ കുറിച്ചുള്ള എല്ലാ സാധ്യതകളും മനസ്സിലാക്കുന്നു. പച്ചക്കറി കൃഷിയുടെ വിളവെടുപ്പിൽ ത്രാസ് ഉപയോഗിച്ച് ഭാരം അളക്കുന്നതിലൂടെ **gm , kg** തുടങ്ങിയ അളവുകളും തൂക്കങ്ങളും മനസ്സിലാക്കുന്നു | | | |

**പ്രവർത്തനം 21**

**ഗണിത കൗൺസിൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത കൗൺസിൽ | മാസത്തിൽ ഒരിക്കൽ Maths അദ്ധ്യാപകർ ഒത്തുകൂടി അടുത്ത മാസത്തേക്കുള്ള പഠന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു | | | |

**പ്രവർത്തനം 22**

**ഗണിത ക്ലബ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ക്ലബ് രൂപീകരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ദിവസങ്ങളിൽ അതിന്റെ പ്രാധാന്യത്തെ പറ്റിയുള്ള അവതരണം, ഗണിതശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രം, അവരുടെ ചിത്രങ്ങൾ, ഗണിത കവിതകൾ ഇവ ശേഖരിച്ച് പ്രദർശിപ്പിക്കുന്നു. | | | |

**പ്രവർത്തനം 23**

**ഗണിത ലൈബ്രറി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ലൈബ്രറി പ്രയോജനപ്പെടുത്തുക. | ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ കുട്ടികൾക്ക് വായനയ്ക്കായി വിതരണം ചെയ്യുന്നു. | | | |

**പ്രവർത്തനം 24**

**ICT സാധ്യതകൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **ICT** സാധ്യതകൾ ഉപയോഗിക്കുക. | **class room ൽ ICT** സാധ്യതകൾ ഉപയോഗിച്ച് ഗണിതപഠനം കൂടുതൽ ആകർഷകമാക്കുന്നു. | | | |

മേഖല - ഹിന്ദി

പ്രവർത്തനം 25

ഹിന്ദി വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ വിദ്യാർഥികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കാൻ സാധിക്കണം | ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ - കുട്ടികളുടെ അധികവായന ലക്ഷ്യമാക്കി കൊണ്ട് ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ചു കൊണ്ട് ഹിന്ദി ഗ്രന്ഥശാല ഒരുക്കം. വലിയ അക്ഷരങ്ങളോട്ടു കൂടിയതും വർണ്ണ ചിത്രങ്ങൾ നിറഞ്ഞതുമായ ലളിതമായ ഹിന്ദി കഥാബുക്കുകൾ , ചിത്രകഥകൾ , ബാലമാസികകൾ എന്നിവ മുഖ്യമായും ഹിന്ദി സാഹിത്യ രൂപങ്ങൾ പരിചയപ്പെടുത്തുന്നതിനായുള്ള പുസ്തകങ്ങളും ഗ്രന്ഥശാലയിൽ ലഭ്യമാക്കും. വായനാ കാർഡുകൾ തയ്യാറക്കൽ - ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായനാ കാർഡുകൾ തയ്യാറാക്കും. ഇവയിൽ | | | |

| | | | | |
|---|---|---|---|---|
| | പഴങ്ങൾ , പച്ചക്കറികൾ , പക്ഷിമൃഗാദികൾ , വൃക്ഷങ്ങൾ എന്നിവയുടെ ചിത്രങ്ങളും പേരുകളും ചേർക്കും .<br>രാഷ്ട്ര നേതാക്കൾ, ഹിന്ദി സാഹിത്യക്കാരന്മാർ,ഹിന്ദി ബാല ഗീതങ്ങൾ എന്നിവരുടെ ചിത്രങ്ങൾ ശേഖരിച്ച് പേരുകൾ ചേർത്ത് വായനക്കായി ഒരുക്കും.<br>ദേശീയഗാനം, പ്രതിജ്ഞ, ഹിന്ദി അക്കങ്ങൾ, മാസങ്ങൾ എന്നിവയും സ്ഥിരമായി വായിക്കുന്നതിനായി പ്രത്യേകം തയ്യാറാക്കും.<br>* ബാല ഗീതങ്ങൾ, കവിതാശകലങ്ങൾ, ലഘുപ്രസംഗങ്ങൾ എന്നിവയുടെ അവതരണത്തോടു കൂടി ക്ലാസ് ആരംഭിക്കും. | | | |

പ്രവർത്തനം 26

ഹിന്ദി എഴുത്ത്-കോപി ബുക്ക് -ക്ലാസ്സ് മാസികകൾ ,വർക്ക് ബുക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ വിദ്യാർഥികൾക്കും ഹിന്ദി വാക്യങ്ങൾ എഴുതാൻ സാധിക്കണ ം | * കോപി ബുക്ക് - അധിക വായന നടത്തുന്ന , വിദ്യാർത്ഥികൾ പുസ്തകങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ കോപി ബുക്കിൽ വൃത്തിയായി എഴുതും.<br>ബാല ഗീതങ്ങൾ, കവിതകൾ എന്നിവ ശേഖരിക്കുന്നതിനും കോപി ബുക്ക് ഉപയോഗിക്കും.<br>* പ്രദർശന സാമഗ്രികൾ - ഓരോ ക്ലാസ്സിലും പ്രദർശിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾ ചുമർ പത്രിക തയ്യാറാക്കും. A4 പേപ്പറിൽ തയ്യാറാക്കുന്ന ഇത്തരം രചനകൾ | ആഴ്ച യിൽ രണ്ടു ദിവസം | ഹിന്ദി അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| | കൂട്ടിച്ചേർത്ത് ക്ലാസ്സ് മാസികകൾ തയ്യാറാക്കും.<br>* വർക്ക് ബുക്ക് ഉപയോഗപ്പെടുത്തി വിദ്യാർത്ഥികൾ ഭാഷാനിപുണികളും ഭാഷാ വ്യവഹാര രൂപങ്ങളും അധ്യാപകന്റെ മേൽനോട്ടത്തിൽ പരിശീലിക്കും. | | | |

**പ്രവർത്തനം 27**

**ഹിന്ദി ആസ്വാദനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികൾക്ക് അവതരണ രംഗത്ത് ശോഭിക്കുന്നതിനായി അവസരമൊരുക്കാ0. അവതരിപ്പിക്കുന്നതി നായി | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികളും അധ്യാപകരും സന്നിഹിതരായിരിക്കുന്ന വേദിയൊരുക്കും. മുഴുവൻ വിദ്യാർത്ഥികൾക്കും അവസരം ലഭിക്കും വിധം അവതരണ പരിപാടികൾ നടത്തും. | മൂന്നു മാസ ത്തില ൊരി ക്കൽ | ഹിന്ദി അദ്ധ്യാപി ക | |

**പ്രവർത്തനം 28**

**ഹിന്ദി അസംബ്ലി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവതരണ രംഗത്ത് ശോഭിക്കുന്നതിനായി അവസരമൊരുക്കാ0. അവതരിപ്പിക്കുന്നതി നായി | ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി നടത്തും. ഓരോ ആഴ്ചയിലേക്കും അസംബ്ലി നടത്തേണ്ട ചുമതല നിശ്ചിത ക്ലാസുകൾക്കായിരിക്കും. പ്രാർത്ഥന, പ്രതിജ്ഞ , വാർത്താപാരായണം, ജന്മദിനാശം സംഗീതം | ആഴ്ചയിലൊരി ക്കൽ | അദ്ധ്യാ പിക | |

| | | | | |
|---|---|---|---|---|
| | തുടങ്ങിയവയെല്ലാം ഹിന്ദി മാധ്യമത്തിലായിരിക്കും. അവതരണത്തിനുള്ള അവസരം എല്ലാ വിദ്യാർഥികൾക്കും ലഭിക്കും | | | |

**പ്രവർത്തനം 29**

**ഹിന്ദി മത്സരങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദിയിൽ പാടാനും പറയാനും എഴുതാനും മികവു പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി | ഹിന്ദിയിൽ പാടാനും പറയാനും എഴുതാനും മികവു പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ നടത്തും. കഥാ പൂരണം, കവിതാ രചന , പ്രസംഗം, കവിതാപാരായണം, കവിതാ രചന തുടങ്ങിയ മത്സരങ്ങൾ നടത്തും. മികവ് പുലർത്തുന്നവർക്ക് സമ്മാനങ്ങൾ നൽകും .<br>* ചമകതി ഹിന്ദി പ്രോത്സാഹന സമ്മാനം - ഓരോ ക്ലാസ്സിലേയും നിലവാരത്തിനനുസരിച്ച് നിശ്ചയിക്കപെട്ട കഴിവുകൾ ആർജ്ജിക്കുന്ന വിദ്യാർത്ഥികൾക്ക് ചമകതി ഹിന്ദി എന്ന പേരിൽ പ്രോത്സാഹന സമ്മാനം നൽകും | വർഷത്തിലൊരിക്കൽ | അദ്ധ്യാപകർ | 2000/ |

**പ്രവർത്തനം 30**

**ദിനാചരണങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | വിശകലനം |
| വിദ്യാർത്ഥിക്കൾക്കായി നടത്തുന്ന പ്രവർത്തനങ്ങളിൽ ഹിന്ദിയുടെ സാന്നിധ്യം ഉറപ്പു വരുത്തും | ഹിന്ദി ദിനം, പരിസ്ഥിതി ദിനം , ശിശു ദിനം എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും. വിദ്യാർത്ഥിക്കൾക്കായി നടത്തുന്ന പ്രവർത്തനങ്ങളിൽ ഹിന്ദിയുടെ സാന്നിധ്യം ഉറപ്പു വരുത്തും | | | |

## പ്രവർത്തനം 31

### ഹിന്ദി ക്ലബ്ബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിലെ ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് | വിദ്യാലയത്തിലെ ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മയായി ഹിന്ദി ക്ലബ്ബ് രൂപീകരിക്കും. ക്ലാസ്സ് തലത്തിലും വിദ്യാലയ തലത്തിലും പ്രസിഡണ്ട് , സെക്രട്ടറി, മൂന്ന് കമ്മിറ്റി അംഗങ്ങൾ എന്നിങ്ങനെ അഞ്ച് ചുമതലക്കാർ ഉണ്ടാകും. | | | |

## പ്രവർത്തനം 32

### വിവര സാങ്കേതിക വിദ്യ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി ടൈപ്പിംഗിന്റെ പ്രാഥമിക പാഠങ്ങൾ വിദ്യാർത്ഥികൾക്ക് | ഹിന്ദി പഠനത്തിന് സഹായകരമായി ലഭിക്കുന്ന വിവിധ ദൃശ്യ, ശ്രാവ്യ സാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി വിവര സാങ്കേതിക വിദ്യ വിനിയോഗിക്കും. | | | |

| | | | | |
|---|---|---|---|---|
| നൽകും. | ഹിന്ദി ടൈപ്പിംഗിന്റെ പ്രാഥമിക പാഠങ്ങൾ വിദ്യാർത്ഥികൾക്ക് നൽകും. | | | |

**പ്രവർത്തനം 33**

**ഹിന്ദി ഫെസ്റ്റ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി ദിനത്തോടനുബന്ധിച്ച് വിദ്യാലയങ്ങളിൽ ഹിന്ദി ഫെസ്റ്റ് ആഘോഷപൂർവ്വം നടത്തും | ഹിന്ദി ദിനത്തോടനുബന്ധിച്ച് വിദ്യാലയങ്ങളിൽ ഹിന്ദി ഫെസ്റ്റ് ആഘോഷപൂർവ്വം നടത്തും. ഹിന്ദി ഭാഷയിലോ അധ്യാപനത്തിലോ സാഹിത്യത്തിലോ പ്രസിദ്ധരായവരെക്കൊണ്ട് ഉൽഘാടനം നടത്തും. കൂടുതൽ പേർക്ക് പങ്കാളിത്തം ലഭിക്കുന്നതിനായി ഗ്രൂപ്പ് ഐറ്റമുകൾക്ക് പ്രാധാന്യം നൽകും. | വർഷത്തിലൊരിക്കൽ | അദ്ധ്യാപകർ | 2000/ |

**മേഖല - മലയാളം**

**പ്രവർത്തനം 34**

**വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന | ക്ലാസിലെ ഓരോ കുട്ടിക്കും പാഠഭാഗത്തിൽ നിന്നും ഓരോ ഖണ്ഡിക വീതം വായിക്കാൻ കൊടുക്കുന്നു . വായിക്കാൻ ബുദ്ധിമുട്ടുള്ള കുട്ടികളെ കണ്ടെത്തുന്നു. | എല്ലാ ആഴ്ചയും 3 ദിവസം | | |

പ്രവർത്തനം 35

വായന മെച്ചപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന മെച്ചപ്പെടുത്തൽ | ക്ലാസ്സറിയിൽ ശേഖരിച്ചു വച്ചിരിക്കുന്ന കുട്ടികളുടെ മാസികകൾ, പുസ്തകങ്ങൾ, ബാലമാസികകൾ, കയ്യെഴുത്തുപ്രതികൾ എന്നിവ എല്ലാ ദിവസവും ഉച്ചക്കുള്ള ഇടവേളകളിൽ നൽകുന്നു | എല്ലാ ദിവസവും | | |

പ്രവർത്തനം 36

പൊതുവിജ്ഞാനം പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൊതുവിജ്ഞാനം പരിശീലനം പൊതുവിജ്ഞാന ചോദ്യങ്ങൾ പരിചയപ്പെടൽ | പി.എസ്.സി പോലുള്ള മത്സര പരീക്ഷകളെ നേരിടുന്നതിന് കുട്ടികളെ തയ്യാറെടുപ്പിക്കൽ എല്ലാ ദിവസവും ഉച്ചയ്ക്ക് അര മണിക്കൂർ ചോദ്യോത്തരം എഴുതി നൽകി പരിശീലിപ്പിക്കുന്നു. മാസത്തിലൊരു പ്രാവശ്യം പരീക്ഷ നടത്തി സമ്മാനം നൽകൽ | എല്ലാ ദിവസവും (അര മണിക്കൂർ lunch break) | Teachers & Staff | |

പ്രവർത്തനം 37

ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലൈബ്രറി പരമാവധി | ലൈബ്രറിയിലെ പുസ്തകങ്ങൾ ആഴ്ചതോറും കുട്ടികൾക്ക് നൽകി | എല്ലാ ആഴ്ചയും | | |

| | | | | |
|---|---|---|---|---|
| ഉപയോഗപ്പെടു ത്തൽ | വായനക്കുറിപ്പ് തയ്യാറാക്കുന്നു- | | | |

പ്രവർത്തനം 38

ക്ലബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലബ് രൂപീകരണം | വിദ്യാരംഗം ക്ലബ്ബും, മലയാളം ക്ലബ്ബും രൂപീകരിച്ച് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നു. ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ രചന, അഭിനയം, സഹിത്യവൈഭവം, പ്രസംഗം, മറ്റു കലാപ്രവർത്തങ്ങളിൽ വൈഭവമുള്ളവരെ കണ്ടെത്തുന്നു. | എല്ലാ 2,3 ആഴ്ചയും | | |

പ്രവർത്തനം 39

പിന്നോക്കാവസ്ഥ പരിഹരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരഹരിക്കൽ | വായനയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ കണ്ടെത്തി അക്ഷരങ്ങളും അടയാളങ്ങളും ഉറപ്പിക്കുന്നതിനായി 'അക്ഷരക്കാർഡ്' കുട്ടികൾക്ക് കൈമാറി വായിക്കാൻ അവസരം നൽകുന്നു. കഥാ പുസ്തകം, കവിത,വർത്തമാനപത്രം | 3 ആഴ്ചയിൽ ഒരിക്കൽ | | |

| | | | | |
|---|---|---|---|---|
| | എന്നിവ വായനക്ക് നൽകുന്നു.വായന മൽസരം നടത്തുന്നുഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് സജ്ജീകരിക്കുന്നു. | | | |

**പ്രവർത്തനം 40**

**ക്ലബ്ബ് രൂപികരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗശേഷി വികസനം & ക്ലബ്ബ് രൂപികരണം | തിരക്കഥ_നാടകം ഇവയ്ക്കായ് പ്രത്യേക പരിശീലന ക്ലാസ് സംഘടപ്പിക്കുന്നു. ദിനാചരണങ്ങളിലുമായി ബന്ധപ്പെട്ട വാർത്തകൾ ശേഖരിക്കുന്നതിനും എഴുതി തയ്യാറാക്കുന്നതിനും വായിച്ച് അവതരിപ്പിക്കുന്നതിനു അവസരം നൽകുന്നു. സാഹിത്യ ശില്പശാല സംഘടിപ്പിക്കുന്നു. ഭാഷാവിഷയങ്ങളിൽ പോസ്റ്റർ നിർമാണം, ചുമർപത്രിക നിർമാണം, ലഘു പത്രികകൾ നിർമാണം എന്നിവ സംഘടിപ്പിക്കുന്നു. | | | |

**പ്രവർത്തനം 41**

**സമഗ്ര വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ ശേഷികളുടെ സമഗ്ര വികസനം | സി. ഡി, ലാപ്ടോപ്പ് തുടങ്ങിയ വിവരസാങ്കേതിക വിദ്യയിലൂടെ ക്ലാസ്സറിയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രശസ്ത സാഹിത്യകാരൻമാരുടെ കഥകൾ, കവിതകൾ, മറ്റു രചനകൾ, ജീവചരിത്രം എന്നിവ കുട്ടികളെ പരിചയപെടുത്തുന്നു. സ്കൂൾ അസംബ്ലിയിൽ കുട്ടികളുടെ മികച്ച കലാസൃഷ്ടികൾ അവതരിപ്പിക്കുന്നു. സാഹിത്യ ക്വിസ് സംഘടിപ്പിക്കുന്നു. | | | |

മേഖല : പ്രവർത്തി പഠനം

പ്രവർത്തനം 42

മാനവശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാനവശേഷി വികസനം | ഓരോ പ്രവർത്തി പഠന ക്ലാസ്സിന്റെയും അടിത്തറ മാനവശേഷി വികാസമായിരിക്കണം. എല്ലാ പൗരന്മാരുടെയും ശേഷികളും കഴിവുകളും രാഷ്ട്ര നിർമാണത്തിനുതകുന്ന രീതിയിൽ വളർത്തി എടുക്കുക എന്നതാണ് മാനവശേഷി | 1 മാസം | | 5,000 /- |

| | | | | |
|---|---|---|---|---|
| | വികസനം കൊണ്ട് ഉദ്ദേശിക്കുന്നത്. | | | |

**പ്രവർത്തനം 43**

**തൊഴിൽ സന്നദ്ധത**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തൊഴിൽ സന്നദ്ധത | തൊഴിലിനോട് ആഭിമുഖ്യമുള്ളവരെയും, തൊഴിൽ ചെയ്യുന്നവരെയും ആദരിക്കുന്ന സാമൂഹ്യ ബോധമുള്ള പുതിയ ഒരു തൊഴിൽ സംസ്കാരത്തിന്റെ വക്താക്കളായി പുതിയ തലമുറയെ വാർത്തെടുക്കുക എന്നതാണ് പ്രവർത്തി പഠനത്തിന്റെ സുപ്രധാന ലക്ഷ്യം. | 1 മാസ o | | 5,000 /- |

**പ്രവർത്തനം 44**

**ഉൽപ്പാദന രംഗത്തെ സ്വാശ്രയത്വം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉൽപ്പാദന രംഗത്തെ സ്വാശ്രയത്യം | പഠിച്ചത് പ്രയോഗിക്കാനും പ്രായോഗിക അനുഭവങ്ങൾ നേടിക്കൊണ്ട് മെച്ചപ്പെട്ട തൊഴിൽ സംസ്കാരം രൂപവൽക്കരിക്കാനുള്ള ശേഷി നേടലാണ് പ്രവർത്തി പഠനം കൊണ്ട് സാധ്യമാകുന്നത്. | 2 മാസം | | 5,000 /- |

**പ്രവർത്തനം 45**

**മൂല്യങ്ങളും മനോഭാവങ്ങളും**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ | ജീവിത നൈപുണികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവയുടെ വികാസത്തിലൂടെ ദേശിയ വികസനത്തിന് തന്റേതായ സംഭാവനകൾ നൽക്കാൻ പ്രവർത്തി പഠനം വ്യക്തിയെ സഹായിക്കുന് | 2 മാസം | | 10,000 /- |

**മേഖല**

**സോഷ്യൽ സയൻസ്**

**പ്രവർത്തനം 46**

**സാമൂഹ്യശാസ്ത്ര വായന മൂല ഒരുക്കൽ.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കാൻ | സാമൂഹ്യ ശാസ്ത്രത്തിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കാൻ.അധികവായനയ്ക്കുള്ള പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർബുക്കുകൾ എന്നിവ ക്രമികരിച്ച സാമൂഹ്യശാസ്ത്ര വായന മൂല ഒരുക്കൽ | | | |

**പ്രവർത്തനം 47**

**സാമൂഹ്യ ശാസ്ത്ര ലാബ് ക്രമികരിക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം സെമിനാർ പ്രഭാഷണം എന്നിവ സംഘടിപ്പിക്കൽ. | | | |

**പ്രവർത്തനം 48**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | സാമൂഹിക ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് പഠനയാത്ര നടത്തൽ. | | | |

**പ്രവർത്തനം 49**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | | | | |

**പ്രവർത്തനം 50**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | പ്രകടനപത്രിക പ്രചരണം, മീറ്റ് ദി candidate. ബാലറ്റ് paper വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ്, മോക്ക് പാർലിമെന്റ് എന്നിവ സംഘടിപ്പിക്കൽ | | | |

**പ്രവർത്തനം 51**

ബുള്ളറ്റിന് ബോർഡ് സ്ഥാപിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | സാമൂഹ്യ ശാസ്ത്ര അറിവുകൾ അപ്ഡേറ്റ് ചെയ്യാൻ പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുന്ന ബുള്ളറ്റിന് ബോർഡ് സ്ഥാപിക്കൽ | | | |

**പ്രവർത്തനം 52**

പ്രാദേശികഭൂപടംനിർമ്മിക്കൽ.

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| | **സാമൂഹ്യ ശാസ്ത്ര പരിപോഷണത്തിന് അനിവാര്യമായ വ്യക്തികൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവ കണ്ടെത്തി പ്രാദേശിക വിഭവ ഭൂപടംനിർമ്മിക്കൽ.** | | | |

**മേഖല**

**കലാ വിദ്യാഭ്യാസം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **സാമ്പത്തിക വിശകലനം** |
|---|---|---|---|
| **കലാഭിരുചി പരിപോഷിപ്പിക്കൽ** | **നൃത്തം സംഗീതം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി അവധി ദിവസങ്ങളിൽ ക്ലാസുകൾ ക്രമീകരിക്കൽ** | **അവധി ദിവസങ്ങളിൽ** | **5000/-** |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | **സാമ്പത്തിക വിശകലനം** |
|---|---|---|---|
| ചിത്രരചനാക്കളരി രൂപീകരിക്കൽ | ചിത്രരചനയിൽ താൽപര്യമുള്ള കുട്ടികൾക്ക് അവരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനായി ചിത്രരചന പരിശീലനം നൽകൽ | ആഴ്ചയിലൊരിക്കൽ | 5000 / - |

**മേഖല**

**കായിക വിദ്യാഭ്യാസം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **സാമ്പത്തിക വിശകലനം** |
|---|---|---|---|
| **കായിക പരിശീലനം കാര്യക്ഷമമാക്കൽ** | **കുട്ടികളുടെ കായികക്ഷമതയും** | **ആഴ്ചയിലൊരിക്കൽ** | **50000 / -** |

| | | | |
|---|---|---|---|
| | ഏകാഗ്രതയും വർദ്ധിപ്പിക്കുന്നതിനായി രാവിലെയും വൈകുന്നേരവും കായിക പരിശീലനം നൽകൽ കുട്ടികൾക്ക് ലഘു ഭക്ഷണം നൽകൽ | | |

മേഖല

പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകല |
|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ<br><br>പ്രകൃതിയെ അടുത്തറിയാൻ അവസരം | വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷിക്ക് അനുയോജ്യമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ കുട്ടികളുടെ പങ്കാളിത്തത്തോടെ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | | 1 ലക്ഷം |

മേഖല

ക്ലാസ് പി.ടി.എ. സജീവമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|
| കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തൽ | കൃത്യമായ അജണ്ട വച്ച് ക്ലാസ് പി.ടി.എ. ചേരൽ. മികവുകളുടെ അവതരണം, പൊതു | മാസം തോറും | |

| | | | |
|---|---|---|---|
| | ചർച്ച | | |

മേഖല

ഭൗതീകം (ചുറ്റമതിൽ, മൈതാനം, ഡൈനിംഗ് ഹാൾ)

| പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം |
|---|---|---|
| അപൂർണ്ണമായ ചുറ്റമതിൽ പുതുക്കി നിർമ്മിക്കുക. പ്രവേശന കവാടം ആകർഷകമാക്കുക | | 6 ലക്ഷം |

മേഖല

അക്കാദമിക പ്രവർത്തനം കാര്യക്ഷമമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|
| അക്കാദമിക പ്രവർത്തനം കാര്യക്ഷമമാക്കൽ | മഴക്കാലത്തും സുഖപ്രദമായ അന്തരീക്ഷത്തിൽ അസംബ്ലി ചേരുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് കം അസംബ്ലി ഹാൾ നിർമ്മിക്കൽ സ്റ്റാഫ് റൂം ഒരുക്കൽ ഓഫീസ് റൂം നവീകരണം<br><br>ജസംരക്ഷണം നടപ്പിലാക്കൽ നിലവിലുള്ള നീരുറവ പുതുക്കി നെറ്റ് നിർമ്മിച്ച് സംരക്ഷിക്കൽ | | 2 ലക്ഷം |

മേഖല

ഭൗതീകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക |
|---|---|---|---|

| | | | വിശകലനം |
|---|---|---|---|
| സുരക്ഷിതമായി വാഹനം പാർക്ക് ചെയ്യൽ<br><br>ഏകാഗ്രത വർദ്ധിപ്പിക്കൽ<br><br>സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | സുരക്ഷിതമായി വാഹനം പാർക്ക് ചെയ്യൽ അനുയോജ്യമായ സ്ഥലത്ത് സുരക്ഷിതമായി വാഹന ഷെഡ് നിർമ്മിക്കൽ<br>ആരോഗ്യമുള്ള മനസ്സും ശരീരവും പ്രദാനം ചെയ്യാൻ യോഗ പരിശീലനത്തിനായി ആധുനിക സൗകര്യങ്ങളോടു കൂടിയ വായു സഞ്ചാരമുള്ള മുറി സജ്ജമാക്കൽ<br><br>പൂർവ്വ വിദ്യാർത്ഥി സംഗമം മെച്ചപ്പെടുത്തൽ<br>സമിതി രൂപപ്പെടുത്തൽ<br>ഫണ്ട് സമാഹരിക്കൽ | | 3 ലക്ഷം<br><br>3 ലക്ഷം |